# Athmaraksha.org

മറ്റു ലേഖനങ്ങൾ

## യേശുക്രിസ്തുവിനെ സംസ്കരിച്ച കല്ലറയുടെ ഉപരിഘടന നൂറ്റാണ്ടുകൾക്ക് ശേഷം വീണ്ടും തുറന്നു



**യേശുക്രിസ്തുവിനെ സംസ്കരിച്ച കല്ലറയുടെ ഉപരിഘടന നൂറ്റാണ്ടുകൾക്ക് ശേഷം വീണ്ടും തുറന്നു; ഇത് മൃതശരീരം ഇല്ലാത്ത ലോകത്തിലെ ഏക കല്ലറ**

ജറുസലേം: യേശുക്രിസ്തുവിനെ സംസ്കരിച്ച കല്ലറയുടെ ഉപരിഘടന നൂറ്റാണ്ടുകൾക്ക് ശേഷം വീണ്ടും തുറന്നു. ഒരു സംഘം ഗവേഷകരാണ് പുനരുദ്ധാരണ പ്രവർത്തനത്തിനും പഠനങ്ങൾക്കുമായി മൃതശരീരം ഇല്ലാത്ത ലോകത്തിലെ ഏക കല്ലറയുടെ ഉപരിഘടന വീണ്ടും തുറന്നത്. ക്രിസ്തുവിന്റെ തിരുശരീരം അടക്കം ചെയ്ത കല്ലറയുടെ ശരിയായ ഉപരിഘടനയാണ് ഇപ്പോൾ തുറക്കപ്പെട്ടിരിക്കുന്നത്. 'ദ ചർച്ച് ഓഫ് ഹോളി സെപ്പൽച്ചർ' എന്ന പേരിൽ കല്ലറയേ ഉള്ളിലാക്കി പണിത ഒരു ദേവാലയം നൂറ്റാണ്ടുകളായി ഇവിടെ നിലകൊള്ളുന്നുണ്ട്. ക്രിസ്താബ്ദം 1555നു ശേഷം ആദ്യമായിട്ടാണ് കല്ലറയുടെ ഉപരിഘടന തുറക്കപ്പെടുന്നത്.

ക്രൂശിൽ മരിച്ച രക്ഷകന്റെ തിരുശരീരം ക്രൂശിൽ നിന്നും ഇറക്കിയ ശേഷം കല്ലറയിൽ സംസ്കരിച്ചതായി തിരുവചനം വ്യക്തമാക്കുന്നു. മൂന്നാം നാൾ ഈ കല്ലറയിൽ നിന്നുമാണ് ക്രിസ്തു മരണത്തെ ജയിച്ച് മാനവകുലത്തിന് പ്രത്യാശ നൽകി ഉയർത്തെഴുന്നേറ്റത്. തിരുശരീരം സംസ്കരിച്ച കല്ലറയുടെ മുകളിലായി മാർബിളിൽ പണിത 'എഡിക്യൂൾ' എന്ന പ്രത്യേക നിർമ്മിതിയിൽ സ്പർശിച്ചാണ് വിശ്വാസികൾ ഇവിടെയെത്തുമ്പോൾ പ്രാർത്ഥനകൾ നടത്തുന്നത്. ക്രിസ്തുവിന്റെ തിരുശരീരം വച്ചിരുന്ന കല്ലറ ഇതിന്റെ ഉള്ളിലായിട്ടാണ് സ്ഥിതി ചെയ്യുന്നത്.



എഡിക്യൂളിന്റെ മാർബിളുകൾ മാറ്റിയ ശേഷമാണ്, ഇതിനു താഴയായി സ്ഥിതി ചെയ്യുന്ന യഥാർത്ഥ കല്ലറ ഗവേഷക സംഘം നേരിൽ കണ്ടത്. 1808 മുതൽ 1810 വരെയുള്ള കാലഘട്ടത്തിലാണ് എഡിക്യൂൾ അവസാനമായി പുനർനിർമ്മിച്ചത്. ചെറിയ വീട് എന്നതാണ് എഡിക്യൂളിന്റെ അർത്ഥം. ക്രിസ്തുവിന്റെ തിരുശരീരം സൂക്ഷിച്ചിരുന്ന യഥാർത്ഥ കല്ലറയെ കണ്ണുകൾ കൊണ്ട് കാണുവാൻ സാധിച്ചതിന്റെ അത്ഭുതത്തിലാണ് ഗവേഷകരും അവരുടെ തലവനായ അന്റോണിയ മൊറോപൗളോയും.

മെഴുകുതിരികൾ കത്തിച്ചിരുന്നതിന്റെ ഫലമായി രൂപപ്പെട്ട ചില പാടുകൾ എഡിക്യൂൾ നീക്കം ചെയ്തപ്പോൾ കണ്ടതായി ഗവേഷക സംഘം തലവൻ അന്റോണിയ പറഞ്ഞു. തങ്ങൾ ഇവിടെ നടത്തുന്ന പഠനം ലോകത്തിന് പുതിയ സത്യവെളിച്ചങ്ങൾ വിശ്രുന്നതായിരിക്കുമെന്നും അദ്ദേഹം അവകാശപ്പെട്ടു. ക്രിസ്താബ്ദം 326ൽ കൊൺസ്റ്റന്റൈൻ ചക്രവർത്തിയുടെ അമ്മയായ ഹെലീനയാണ് ക്രിസ്തുവിന്റെ കല്ലറ കണ്ടെത്തിയത്. ചരിത്രഗവേഷകർ പറയുന്നതനുസരിച്ച് എഡി 30നും 33നും മദ്ധ്യേയാണ് ക്രിസ്തു ക്രൂശിക്കപ്പെട്ടത്.

ഗ്രീക്ക് ഓർത്തഡോക്സ്, റോമൻ കത്തോലിക്ക, അർമേനിയൻ ഓർത്തഡോക്സ്, കോപ്റ്റിക്, എത്യോപ്യൻ, സിറിയൻ ഓർത്തഡോക്സ് എന്നീ ആറു സഭകളുടെ കൂട്ടായ്മയിലാണ് 'ദ ചർച്ച് ഓഫ് ഹോളി സെപ്പൽച്ചറി'ന്റെ ഭരണം നടത്തപ്പെടുന്നത്. വിശുദ്ധ നാട് സന്ദർശിക്കുവാനെത്തുന്നവരുടെ പ്രധാന തീർത്ഥാടന കേന്ദ്രം കൂടിയാണ് ഇവിടം.

കടപ്പാട് : pravachakasabdam.com